**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5406** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ മുഖേന പ്രവാസി സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | കോവിഡ്19 മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി പലിശ രഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുന്നതിലേയ്ക്കായി നോർക്ക – റൂട്ട്സ് ആവിഷ്കരിച്ച പ്രവാസി ഭദ്രതാ - പേൾ എന്ന പദ്ധതി കുടുംബശ്രീ മുഖേന നടത്തിവരുന്നു. പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു. 1. റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം 2. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ 3. 2ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ |
| (ബി) | പ്രവാസികൾക്ക് കുടുംബശ്രീ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ആയത് തുടങ്ങാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ